# ഗവ: ഹൈസ്കൂൾ കാരാകുറുശ്ശി

## 2019 - 2021

Little KITEs

# ജ്വാല

HEAD MASTER : MANIKANDAN K

SITC :ABDUL LATHEEF K

KITE MISTRESSES :SREEJA P K

:JUMAILA K T

KITE LEADERS :AATHIL AHAMMED

:PATHMAPRIYA C J

EDITORIAL TEAM :MUHAMMED NISHAD C
MUHAMMED MUSTHAFA
RISHANA
SHAMNA BALKEES
AATHIL AHAMMED
GOUTHAM KRISHNA
PATHMA PRIYA C J
JASIRA
SHABANA
MUHSINA

CAMERA : HABEEB RAHMAN

# ആമുഖം

വായന എന്നാൽ ആദ്യം മനസ്സിൽ വരിക പുസ്തകമായിരിക്കും. എന്നാൽ മാറുന്ന കാലത്ത് വായനയിൽ വരുന്ന മാറ്റങ്ങൾ കൂടി വായിക്കേണ്ടതാണ്.ഈ വായനാനുഭവം സമ്മാനിക്കാൻ ഇ-മാഗസിന് കഴിയുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് .സ്നേഹപൂർവം വായനക്കാർക്ക് മുമ്പാകെ ഞങ്ങൾ സമർപ്പിക്കുന്നു.



## ആശംസകൾ

ജി വി എച്ച് എസ് എസ് കാരാകുറുശ്ശിയുടെ ലിറ്റിൽകൈറ്റ്സ് 2019-21 ബാച്ചിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികളുടെ സർഗസൃഷ്ടികൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന ഇ-മാഗസിൻ "**ജ്വാല**" യ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.ഇതിന്റെ അണിയറ ശില്പികളെ ഹൃദ്യമായി അനുമോദി-ക്കുന്നു

ഹെഡ്മാസ്റ്റർ

മണികണ്ഠൻ കെ



## ആശംസകൾ

2019-21 ലിറ്റിൽ കൈറ്റ്സ് ബാച്ച് തയ്യാറാക്കിയ "**ജ്വാല**" എന്ന പതിപ്പിൽ വിദ്യാർത്ഥികളുടെ സർഗസൃഷ്ടികൾ  ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നടത്തിയ പ്രവർത്തനം ശ്ലാഘനീ-യമാണ്.ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.........

ഖാലിദ് മാസ്റ്റർ

## ആശംസകൾ

ജി.വി.എച്ച്.എസ്.എസ് കാരാകുറുശ്ശി 2019-21 ലിറ്റിൽ  കൈറ്റ്സ് ബാച്ച് പുറത്തിറക്കുന്ന "**ജ്വാല**"എന്ന ഇ-മാഗസീന് എല്ലാവിധ ആശംസകളും നേരുന്നു

കെ.കെ രാജേന്ദ്രൻ

പി. ടി. എ. പ്രെസിഡണ്ട്



# ആശംസകൾ

ജി.വി.എച്ച്.എസ്.എസ് കാരാകുറുശ്ശി 2019-21 ലിറ്റിൽ കൈറ്റ്സ് അഗംങ്ങളായ ഞങ്ങൾ പുറത്തിറക്കുന്ന "**ജ്വാല**"എന്ന ഇ-മാഗസീന് എല്ലാവിധ ആശംസകളും നേരുന്നു. ഈ മാഗസിന്റെ പ്രവർത്തനത്തിനായി സഹായിച്ച എല്ലാ കൂട്ടുകാർക്കും കൈറ്റ് അധ്യാപകർക്കും ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു

ആദിൽ അഹമ്മദ്
കൈറ്റ്സ് ലീഡർ

പത്മപ്രിയ സി.ജെ
കൈറ്റ്സ് ലീഡർ






**ജ്വാല**

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019-21



## ഈ വർഷം നമ്മുടെ വിദ്യാലയത്തോട് വിടപറയുന്നവർ.....



ഗോപകുമാർ വി



അംബിക



റജീന ബീഗം കെ എ



സെയ്തലവി എൻ

# ജ്വാല

## ഉള്ളടക്കം

ജ്വാല..........................................................................................................................6
വർഗീയത -സമൂഹത്തിന്റെ ശാപം..........................................................................................12
ഗുരുത്വം........................................................................................................................14
സ്വാതന്ത്ര്യം എന്റെജന്മാവകാശമാണ് ------------------------------------ബാലഗംഗാധരതിലക്.................15
വെളിച്ചം........................................................................................................................16
പ്രകൃതിയുടെ അവസ്ഥ.........................................................................................................18
പറന്നു പോയ അക്ഷരങ്ങൾ....................................................................................................19
റോസയുടെയും മുല്ലയുടെയും തിരിച്ചറിവ്....................................................................................24
വിദ്യാലയം.......................................................................................................................26
ഗുൽമോഹർ പൂക്കൾ............................................................................................................28
ആനന്ദം...........................................................................................................................30
മഴ..................................................................................................................................33
ചോപ്പ് മഷി.......................................................................................................................34
MOTHERS WORDS............................................................................................................36
അമ്മ................................................................................................................................37
മഴപെയ്യാതെ.....................................................................................................................38
പ്രിയ അധ്യാപിക................................................................................................................39
ഓർമ്മകൾ.........................................................................................................................40
സ്നേഹം കൊണ്ടൊരു വീട്.......................................................................................................42
സ്വപ്നങ്ങൾ.........................................................................................................................43
വാനമ്പാടിയും കുഞ്ഞുങ്ങളും...................................................................................................44
ഒരു ആഗ്രഹം.....................................................................................................................46
The Mother.......................................................................................................................47
വെയിറ്റിങ് ലിസ്റ്റ്..................................................................................................................50
സൗഹൃദം..........................................................................................................................51
കുട്ടികളുടെ വരകളും വർണങ്ങളും.............................................................................................52
മികവുകൾ.........................................................................................................................67
യൂണിറ്റുകൾ.......................................................................................................................72

## വർഗീയത -സമൂഹത്തിന്റെ ശാപം

ആദിമമനുഷ്യന്റെ ജീവിതം കൂട്ടായ്മയുടെ കരുത്തിന് ഉത്തമമാതൃകയാണ് .അവൻ തന്റെ പൊതുശത്രുക്കളായ വവളപ്പൊക്കത്തെയും ,വരൾച്ചയെയും ,പ്രകൃതിക്ഷോഭത്തെയും നേരിടാൻ ഒത്തു ചേർന്ന് പൊരുതി .അങ്ങനെ ജീവിതാസമരത്തിൽ വിജയം നേടിയ മനുഷ്യൻ ക്രമേണെ ഗോത്രങ്ങളായി പിരിന്നു .ഏതു അവനിൽ ചേർത്തിരുവുകൾ സൃഷ്ടിച്ച ഗോത്രങ്ങളിൽ നിന്ന് വർഗ്ഗങ്ങളും ,അവയിൽ നിന്ന് മതങ്ങളും ,മതങ്ങളിൽ നിന്ന് ജാതികളായും സംജാതമായതോടെ അവരുടെ സഹവർത്തിത്വത്തിന്റെ ധാര നിലച്ചു .തുടർന്നുള്ള മാനവചരിത്രം  വർഗ -വർഗീയ സമരങ്ങളുടേതാണ്

കറുത്ത വർഗക്കാർ ,വെളുത്ത വർഗക്കാർ എന്ന നിറങ്ങളുടെ അടിസ്ഥാനത്തിലുള്ള  വിവേചനവും ,അടിമകൾ ,ഉടമകൾ,എന്ന സമ്പത്തിന്റെ അടിസ്ഥാനത്തുള്ള വിവേചനവും മതത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനവുമെല്ലാം ഇതിൽ ഉൾപ്പെടുന്നു

വർണവിവേചനം കേവലം പഴയ ഒരു കഥയല്ല .അത് ഇന്നും തുടരുന്നു .ദക്ഷിണാഫ്രിക്കയിൽ അടുത്തനാൾവരെ  കൊടികുത്തി വന്നിരുന്ന .'വർണ വിവേചനം ' ഇതിനു തെളിവാണ് .കറുത്ത വർഗക്കാരൻ കാൽചലങ്ങൾ തീർത്ത ആ വർണാധി പാത്യത്തിന് എതിരേ  കലാപങ്ങൾ ഇന്ന് ഏതാണ്ട് ശാന്തമായ മട്ടാണ്.നെൽസൺ മണ്ടേല  ആ സമരത്തിന്റെ വിജയ പ്രതീകമായി  ഇന്ന് നമ്മുടെ മുന്നിൽ നില്ക്കുന്നു .മതം ഒരുവന്റെ സ്വകാര്യ സ്വത്തായിരിക്കേണ്ടതാണ്

# ജ്വാല

എന്നാൽ ഇന്ന് വർഗീയ വിഷം കുത്തിവെച്ചുകൊണ്ട് അത് ഭരണതലത്തിൽ വരെ കൈ കടത്തിയിരിക്കുന്നു .

ഇന്ത്യയിൽ ന്യൂന പക്ഷ വർഗീയത ,ഭൂരിപക്ഷ വർഗീയത എന്ന് രണ്ടുതരം പ്രതിഭാസങ്ങളാണ് ഇന്ന് ശക്തം .സ്വതന്ത്ര ലബ്ദിയോടെയാണ് അതിന് പുതിയ ഒരു മൗനം കൈവന്ന തെന്ന്പറയാം .അതിന്റെ ഞെട്ടിപ്പിക്കുന്ന ദുരന്ത സാക്ഷികളാണ് ഇന്ത്യയും പാകിസ്ഥാനും .ഇന്ത്യയെ വെട്ടിമുറിക്കേണ്ടിവന്ന ആ വർഗീയവാദം പിന്നീട് ഇന്ത്യ -പാകിസ്ഥാൻ യുദ്ധത്തിനും കളമൊരുക്കി

വർഗീയ വാദം ഏതുതരത്തിലും ആപത്താണ് .നമുക്കാവശ്യം വർഗീയതക്കതീതമായ വിശാലമായ മാനസികത ബോധമാണ് .എന്നാൽ അതിന്റെ അഭാവം ഇന്ന് ഇന്ത്യയുടെ ഐകത്തിനും അകനടക്കു വെല്ലുവിളി ഉയർത്തിയിരിക്കുകയാണ് .വർഗീയതയെ പരിപൂശിപ്പിച്ചു കൊണ്ട് അധികാരം കൈക്കലാക്കാമെന്ന കാര്യം രാഷ്ട്രീയ പാർട്ടികൾ പരമാവധി ചൂഷണം ചെയ്യുന്നുണ്ട് .ഭരണ കർത്താക്കൾ വർഗീയ പ്രീണനയം കൈകൊള്ളുന്നുണ്ട് ഈ ആപതിനെ നേരിട്ടു കൊണ്ട് രാജ്യത്തിൻറെ ഐകത്തിനും അഖണ്ഡതക്കുമായി പോരാടുകയാണ് വേണ്ടത് .'ഒരുമ തന്നെ പെരുമ 'എന്ന പഴമൊഴി സ്വാർത്ഥമാക്കാൻ നാം പരിശ്രുമിക്കേണ്ടിയിരിക്കുന്നു



ഗായത്രി എസ്.കെ

9 F



## <u>ഗുരുത്വം</u>

---------------

വിദ്യാർത്ഥിപറക്കുന്നപാട്ടമാണെങ്കിൽ
പാടെ സ്വാതന്ത്ര്യമാക്കാതെ പിടിച്ചു കെട്ടിയ നൂലാണ് അധ്യാപകർ പട്ടത്തിനു തോന്നും നൂലിന്റെ അറ്റത്തെ കൈപ്പിടി വിട്ടിരുന്നെങ്കിൽ എനിക്കിനിയും ഉയരത്തിലെത്തണമെന്ന് പക്ഷേ പട്ടത്തിന് അറിയാത്തതൊ ന്നുണ്ട് .
" ആ കൈ ചലനത്തിന്റെ മിടുക്കാണ് ഭൂമിയിലേക്ക് മുഖം കുത്താതെ തന്നെ സംരക്ഷിച്ചു നിർത്തുന്നത് എന്ന് "

ഫാത്തിമത്ത് ഹസ്ന
9.G

## സ്വാതന്ത്ര്യം എന്റെജന്മാവകാശമാണ്

------------------------------------ബാലഗംഗാധരതിലക്

1947 ആഗസ്റ്റ് 15 നേരം പുലരുന്നതേ യുള്ളൂ മഞ്ഞുമൂടിയ നിശബ്ദമായ അന്തരീക്ഷത്തിൽ കുറച്ചു കുതിര കുളമ്പടി കേട്ടു ഇന്ത്യൻ ജനത അന്ധകാരത്തിൻ്റെ സ്വപ്നങ്ങളിൽ നിന്ന് പതുക്കെ എഴുന്നേറ്റു അവരെല്ലാം പുറത്തെ വിജനമായ പാതയിലേക്ക് പാളിനോക്കി അതാ അങ്ങ് ദൂരെ ബ്രിട്ടീഷ് ഭരണാധികാരികൾ വാജി വാഹനത്തിൽ മുകളിൽ സ്വാതന്ത്ര്യ സമര സേനാനികളുടെയും ഇന്ത്യൻ ജനതയുടെ മുഖത്ത് എന്തെന്നില്ലാത്ത വസന്തം പൂത്തുലഞ്ഞു അതേ ഇന്ത്യയുടെ മണ്ണിൽ നിന്ന് അവർ പോയിരിക്കുന്നു ഇന്ത്യയേ ചൂഷണത്തിന് ഇരയാക്കിയ അവർ തങ്ങളുടെകാലുകളിൽ അടക്കിഭരിച്ച ഇന്ത്യയുടെ സന്തോഷവും സമാധാനവും ഐക്യവും തച്ചുടച്ച് നീചന്മാർ ഇന്ത്യ വിട്ടിരിക്കുന്നു ഇന്ത്യയെന്ന ഒരമ്മപെറ്റ മക്കൾ ആയവർ മോചിക്കപ്പെട്ട് ഇരിക്കുന്നു അവരുടെ കണ്ണുകളിൽ കണ്ണീർ നിറഞ്ഞു അത് ദുഃഖ കണ്ണീരല്ല സന്തോഷത്തിൻ്റെ പൂവണിക്കുന്ന ആനന്ദ കണ്ണീർ മാത്രം ഇന്ത്യ ദ്വൈതത്തിൽനിന്ന് അദ്വൈതം എന്നായി തീരട്ടെ എന്നും ഇന്ത്യ സത്യത്തിന് ഉടമയായ ത്രിവർണ പതാകയ്ക്ക് കീഴിൽ ഒരുമയുടെ ദീർഘായുസ്സ് പങ്കിടട്ടെ എന്ന് ആശംസിക്കുന്നു ഐക്യമത്യം മഹാബലം ജയ്ഹിന്ദ്

സൂരജ്.എ
8.B

## വെളിച്ചം

ഇവിടെ
ഞാനെന്ന ഇരുട്ടിൽ
നിറയെ വെളിച്ചമുണ്ട്.
കറുത്ത വെളിച്ചം.
ഒരു പാട്
നക്ഷത്ര മോഹങ്ങൾ
നെഞ്ചോട് ചേർത്ത
കറുത്ത വെളിച്ചം.
തിളങ്ങുന്ന
അക്ഷര നിഴൽ
പെറ്റു വളർത്തിയ
ഏകാന്തതയുടെ
വെളിച്ചം.
മധുരനൊമ്പരങ്ങൾ
ഇഴ ചേർന്ന
സമയക്കൂടാരത്തിലെ
നിലവിളക്കിൻ
വെളിച്ചം
സ്വത്വബോധമില്ലാത്ത
തലമുറക്ക്
കാവലിരിക്കും
പൊട്ടിയ റാന്തൽ
വെളിച്ചം.
നമുക്കിടയിലെ
സ്നേഹത്തിന്റെ

**നേർത്ത വെളിച്ചം.**

_കുഞ്ഞുമോൻ മാസ്റ്റർ

എച്ച്.എസ്.ടി  സോഷ്യൽ സയൻസ്

## പ്രകൃതിയുടെ അവസ്ഥ

നമ്മുടെ മാതാവായ പ്രകൃതി

ചൂക്ഷണത്തിന്റെ ഇരയിൽപ്പെട്ടിരിക്കുന്നു

പ്രകൃതിയുടെ മടിത്തട്ടിൽ ജനിച്ച നമ്മൾ

പ്രകൃതിയെ എന്തിന് കൊല്ലുന്നു

ശുദ്ധ ജലമായി  ഒഴുകുന്ന പുഴകൾ
നിങ്ങൾ  ചോരപ്പുഴയാക്കിയില്ലേ...

പ്രകൃതി  നമ്മോട്  അർത്ഥിക്കുന്നു....

നമ്മൾ  ഓർക്കുക....പ്രകൃതി ഉണർമ....

പ്രകൃതി  ഇല്ലെങ്കിൽ നമ്മളില്ല....

സുഹാന
9.E

## പറന്നു പോയ അക്ഷരങ്ങൾ



അക്ഷരങ്ങളെ കൂട്ടുകാരാക്കി

അറിയാതെ എന്തിൽ നിന്ന് പറന്നു പോയി

ഒരുപാട് തേടി നടന്നു

മരച്ചില്ലകളിൽ ഒളിച്ചിരിക്കുന്നത് കണ്ടു

പിടിച്ചു കൊണ്ടുവരാൻ പോയപ്പോൾ

പറന്ന്  അകലെപോയീ...

കിളികൾ അക്ഷരങ്ങളെ..

എന്തിൽ നിന്ന് അകറ്റിക്കൊണ്ടുപോയി

പറക്കാൻ അറിയാത്ത

അക്ഷരങ്ങളെ പറക്കാൻ

പടിപടിച്ചു കിളികൾ

എങ്ങോ... പോയി...

നയന

9 G

## ജ്വാല



ജ്വാല

## റോസയുടെയും മുല്ലയുടെയും തിരിച്ചറിവ്....

അധിയായ മഴക്കാലം. പൂക്കൾ എല്ലാം വിരിയാൻ തുടങ്ങി. പൂക്കളുടെ സമഗന്ധവും പരക്കാൻ തുടങ്ങി. ഒരു ദിവസം റോസയും മുല്ലയും കണ്ടുമുട്ടി. റോസാപ്പൂ പാവമായിരുന്നു .

എന്നാൽ മുല്ല വളരെയധികം അഹങ്കാരിയും, ദുഷ്ടയും ആയിരുന്നു . പെട്ടെന്ന് തണുത്ത കാറ്റ്

വീശി റോസാപ്പൂവിൽ നിന്ന് ഒരിതൾ വീണു-

പോയി . മുല്ല ഇതു കണ്ടു ചിരിച്ചു.റോസ ചോദിച്ചു നീ എന്തിനാണ് ചിരിച്ചത്? നിന്റെ കാര്യം ഓർത്തിട്ടാണ് .കാറ്റ് വീശിയാൽ എന്റെ മണം പരക്കുകയേയുള്ളൂ. എന്നാൽ നിന്റേതോ.

നിന്റെ ഇതൾ എല്ലാം കൊഴിഞ്ഞു പോവുകയാ . ആരാ പറഞ്ഞത് എനിക്ക് മണമില്ലെന്ന്. കല്ല്യാണത്തിന് എന്നെയാണ് എല്ലാവരും തലയിൽ വയ്ക്കുക . എന്നെയും തലയിൽ വെയ്ക്കാറുണ്ടല്ലോ .മുല്ലപറഞ്ഞു .

നിന്നോട് മിണ്ടാതിരിക്കുന്നതാണ് നല്ലത് . നിനക്ക് അസൂയയാണ് എന്നോട് . പാവം പുല്ല് ഇത് എല്ലാം കേട്ട് കൊണ്ട് നിന്നു . പുല്ല് പറഞ്ഞു ,ഏയ് കൂട്ടുകാരെ നിങ്ങൾക്ക് രണ്ടു പേർക്കും മണമുണ്ട് . എന്നാൽ എനിക്ക് അതൊന്നുമില്ല . പശു ഭക്ഷിക്കുന്ന ആഹാരം മാത്രമാണ് ഞാൻ . ചില-വർ എന്നെ അരിവാൾ കൊണ്ട് വെട്ടും . ഇതെല്ലാം ഞങ്ങൾ പുല്ലുകൾ സഹിച്ചിട്ടല്ലെ നിൽക്കുന്നത് . നിങ്ങളെ തലയിൽ ചൂടാനും , സുഗന്ധം പരത്താനും ഞങ്ങളെ പശുക്കൾക്ക് ഭക്ഷിക്കാനും അങ്ങനെയല്ലെ ദൈവം സൃഷ്ടിച്ചത് . നീ പറഞ്ഞത് ശരിയാ . ഞങ്ങൾ

ഞങ്ങളുടെ കുറവുകളും കുട്ടതലുകളും നോക്കാൻ പാടില്ലായിരുന്നു .ഇനി ഞങ്ങൾ വഴക്കൊന്നും ഇടില്ല . പുല്ല് ചിരിച്ചു കൊണ്ട്

# ജ്വാല

പറഞ്ഞു ഭ്രമിയിൽ ജനിച്ചവർക്ക് കുറവുകളും
ഉണ്ടാവും കുട്ടതലുകളും ഉണ്ടാവും . നമ്മളേക്കാൾ കഴിവുള്ളവനാണെങ്കിൽ നമ്മൾ
അവരോട് അസൂയപ്പെടരുത് . ഇത് അവന്റെ കർമ്മമാണെന്ന് കരുതുക . ഇവരുടെ
സംസാരം
നിർത്തിയപ്പോൾ ഒരിളം കാറ്റ് വീശി ......,

അഞ്ജന എ ആർ

9 B



## വിദ്യാലയം

അറിവും സ്നേഹവും തരുന്നതാണ് വിദ്യാലയം.
വീട് വിട്ട് സ്കൂളിൽ പോയാൽ അധ്യാപകരാണ് നമ്മുടെ
രക്ഷിതാക്കൾ.സ്നേഹിക്കാൻ
അറിയുന്നവരും അതിലേറെ
സ്നേഹങ്ങൾ പങ്കുവയ്ക്കുന്ന
വരും ആണ് കൂട്ടുകാർ.തെറ്റ്
ചെയ്താൽ "അരുത് എന്ന് "
പറഞ്ഞു ആ തെറ്റിൽ നിന്ന്
നന്മയിലേക്ക് എത്തിക്കുന്ന
വരാണ് ഞങ്ങളുടെ അധ്യാ-
പകർ.പഠിക്കാനും,കഥകൾ
പറഞ്ഞു രസിക്കാനും,അറി-
വായൊരു അറിവ് പകരാൻ
ഒരു ലൈബ്രറിയും.ശ്രീ നാരാ-
യണ ഗുരുവിന്റെ വാചകമായ
" ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് " എന്ന്
നമ്മെ പഠിപ്പിച്ചവരാണ് ന-
മ്മുടെ അധ്യാപകർ.കാരുണ്യം
ഏറിടും വിദ്യാലയം ഇനിയും
നൂറോളം കാലം ജീവിക്കട്ടെ.....
സുഖദു:ഖങ്ങൾ
ജീവിതത്തിന്റെ നീണ്ടയാത്ര അതിനിടയിൽ അതിഥികളയി അവർ
വന്നുകൊണ്ടെയിരുന്നു പക്ഷെ,

## ജ്വാല

ഒരിക്കലും അവർ ഒപ്പം കടന്നുവന്നില്ല. എന്തു കൊണ്ടെന്ന്അറിയില്ല

പിണക്കമാണോ, അസൂയയാണോ,

കുശുമ്പ്ആണോ....... അറിയില്ല......

ചില നിമിഷങ്ങളിൽ

മനസ്സ് വിങ്ങിപൊട്ടുമ്പോൾ

സന്തോഷത്തിന്റെ ചെറു പുഞ്ചിരി നൽകി മറ്റൊരാൾ വരും ജീവിതത്തിന്റെ

നീണ്ടയാത്രയിൽ ജീവിതത്തിന്റെ ഒരു ഭാഗമായി അവരെന്നുമുണ്ടായിരുന്നു

സുഖവും ദുഃഖവും

ശ്രീനിധി കെ.കെ

9B



**ജ്വാല**

## ഗുൽമോഹർ  പൂക്കൾ

ഞാനെന്റെ ഹൃദയവും നാക്കും
അറുത്തെടുത്ത്
നാക്കിലയിൽ വെച്ചിട്ടുണ്ട്
പ്രണയിനിക്കായ്.....
നെറിയും നേരവും നോക്കാതെ
പ്രണയത്തിന്റെ ചുടു നോവിൽ
വാക്കുകളിലടയിരുന്ന്
വിരിയിച്ചു കൊണ്ടേയിരുന്നു
സ്വപ്നമന്ദാരങ്ങൾ.............
നാക്കിന്റെ ചതിയാൽ
വാക്കിന്റെ വീഴ്ചകൾ
പെരുമഴയായി പെയ്തിറങ്ങിയപ്പോൾ
ഗുൽമോഹർ പൂക്കൾ
ഒഴുകുകയായിരുന്നു.......
പങ്കുവെക്കാനിനി ഒന്നുമില്ല
എങ്കിലും...

## ജ്വാല

പങ്കുവെപ്പിന്റെ കദനം പേറി
നടക്കുന്നുണ്ടാവാം
നൂലിറങ്ങുംമഴ പ്രഭാതത്തിൽ
കടും വാക്കുകൾ കടമെടുത്ത്
നോവിച്ചുകൊണ്ടേയിരുന്നു
എന്നിട്ടും...
ഇപ്പോഴും....
പ്രണയിച്ചുകൊണ്ടേയിരിക്കുന്നു
ഒരു ഭ്രാന്തനെപ്പോലെ...

-പ്രേമാനന്ദൻ കെ എം
സംസ്കൃതം അധ്യാപകൻ



## ജ്വാല

## ആനന്ദം



ആത്മഹത്യ ചെയ്യുമ്പോൾ
ഏതെങ്കിലും മലമുകളിലെ
അറ്റത്തെ കൂർത്ത കല്ലിൽനിന്ന്
താഴേയ്ക്ക് ചാടണം.
പെട്ടെന്ന് വായുവിലേയ്ക്ക് മുങ്ങുമ്പോൾ
ആദ്യ പറക്കലിന്റെ
അനുഭൂതി തോന്നിപ്പോവും.
അപ്പോൾ വായുവിലങ്ങനെ
കൈ വീശി നീന്തിയേക്കണം,
താഴേയ്ക്കു നോക്കരുത്;
ചുറ്റുമുള്ളതെല്ലാമങ്ങ് ആസ്വദിച്ചേക്കണം.

ഇടയ്ക്ക് നീന്തലിന്റെ ഒഴുക്ക് നഷ്ടമാവുമ്പോൾ
തല പാറക്കെട്ടുകളിലും
കുറ്റൻ വേരുകളിലുമൊക്കെ ഇടിച്ചെന്നുവരും;
പതറരുത്,
പൊടിയുന്ന ചോരയെയങ്ങ് സ്നേഹിച്ചേക്കണം.
എത്ര പേടി തോന്നിയാലും
കണ്ണടച്ചേക്കരുത്, അലറരുത് !
അനുഭൂതിയാണ്; ആസ്വദിച്ചേക്കണം.

മടുത്തെന്നു തോന്നുമ്പോൾ
വല്ല കൊമ്പിലും തൂങ്ങിപ്പിടിച്ചേക്കു..
മടുപ്പ് മാറുമ്പോഴേയ്ക്കും

# ജ്വാല

കൊമ്പ് പൊട്ടിത്തുടങ്ങും.
അടർന്ന് അടർന്ന് പിന്നേയും താഴേയ്ക്ക്...
വിയർക്കരുത്,
ചുറ്റിലും പച്ച മേലേയ്ക്ക്
പോകുംപോലെ തോന്നും.
എന്തു രസമായിരിക്കും, അല്ലേ...?
മഞ്ഞ, ചുവപ്പ്, നീല നിറങ്ങളിലുള്ള
പൂമരങ്ങളൊക്കെ മിന്നായംപോലെ
കണ്ടെന്നിരിക്കും.
പറ്റിയാൽ രണ്ടെണ്ണം പറിച്ച്
സ്വന്തം നെഞ്ചിലമർത്തണം.

പിന്നെയും താഴോട്ടങ്ങനെ പോവുമ്പോൾ
പ്രിയപ്പെട്ടവരുടെ മുഖം
ചുറ്റിലും വന്ന് മൂടുംപോലെ തോന്നും,
കരയരുത്...
മായ്ച്ചുകളഞ്ഞേയ്ക്കൂ...

താഴെ എത്താറായി എന്ന് തോന്നുമ്പോൾ
മുഖത്ത് ഒരു നനുത്ത പുഞ്ചിരി
ഫിറ്റ് ചെയ്തേക്കണം;
മരിച്ചുകിടക്കുമ്പോൾ
എല്ലാവർക്കും കാണാനുള്ളതാണ്.
ഇനി കണ്ണൊന്ന് മെല്ലെ ചിമ്മിക്കോളൂ...
താഴേയ്ക്ക്... താഴേയ്ക്ക്...
ഒരു പുഴയിൽ വീണ്,
പാറക്കെട്ടിൽ തലയടിച്ച് ചിതറി

**ജ്വാല**

ഒഴുകിയൊഴുകി അങ്ങനെ...

മറക്കരുത്... കഷ്ടപ്പെട്ടു ചിരിച്ചേക്കണം;

നാട്ടുകാരൊക്കെ കാണാനുള്ളതാണ്..!

-ആർച്ച എം.ആർ.

പ്ളസ് വൺ, സയൻസ്

# മഴ



മഴ എപ്പോഴും
ഇങ്ങനെയാണ് ..
ചേറി ചേറി കൊഴിച്ച്
ഇരിപ്പുറയ്ക്കാത്ത
അമ്മയെപ്പോലെ .. ഊതി ഊതി
വെൺപുക വിരിയ്ക്കുന്ന
അമ്മയെ പോലെ ..
വർത്തമാനം പറഞ്ഞ്പറഞ്ഞ്
തോരാത്ത
അച്ഛനെ പോലെ..
മുറുക്കി മുറുക്കി
സമയത്തെയത്രയും തുടുപ്പിച്ചെടുക്കുന്ന
മുത്തശ്ശിയെപ്പോലെ ..
കൊതിപ്പിച്ച് കൊതിപ്പിച്ച്
ചേർത്തു നിർത്തുന്ന
മഴയിലാകെ
നിറയുന്ന ഒച്ചകൾ..
അങ്ങനെ പെയ്ത്
പെയ്ത് എന്നും
മഴ ഒച്ചയുടേതാവുന്നു

-പ്രസീദ ടി. പി
എച്ച്. എസ്. ടി മലയാളം

# ജ്വാല

## ചോപ്പ് മഷി



എന്റെ ശരികളെ ചുംബിച്ചോമനിച്ച
തെറ്റുകളെ തലങ്ങും വിലങ്ങും വെട്ടി!
അബദ്ധങ്ങളെ അടിവരയിട്ടു
താക്കീതു ചെയ്തു.
വിട്ടുപോയവർക്കിടയിൽ
തെളിച്ചത്തോടെ ഞെളിഞ്ഞിരുന്നു.
മാർജിനുകൾക്കിപ്പുറമിരുന്ന്
ഭാവി പ്രവചിച്ചു.
പരീക്ഷാപേപ്പറുകളിലെ
അമ്പിളി വട്ടത്തിനുള്ളിൽ
കീർത്തി മുദ്രകളായി നിലകൊണ്ടു.
ചുവന്ന  ഇരിപ്പിടങ്ങളില്ലാതെ
പ്രോഗ്രസ് കാർഡിൽ
നിവർന്നിരിക്കുന്ന അക്കങ്ങൾ കാൺകെ
അച്ഛന്റെ മുഖത്തു വിരിയുന്ന പുഞ്ചിരിയോളം
വലുതല്ല മറ്റൊന്നും.
വൈകി ശരിയാക്കിയതുകൊണ്ടല്ല,
തെറ്റുകളില്ലെന്നുറപ്പു വരുത്തിയതുകൊണ്ടാണ്
മേശക്കരികിലെത്തിയപ്പോൾ
ബെല്ലടിച്ചത്!
പീടിക പൈസയുടെ നീക്കിയിരുപ്പിൽ നിന്ന്
മുപ്പത്തഞ്ചു പൈസയെടുത്ത്
ആദ്യമായി സ്വന്തം ശരികളെ

**ജ്വാല**

സ്വയം അംഗീകരിച്ചു.
അത്യാവശ്യത്തിനു മാത്രം
പുറത്തെടുക്കാൻ ബോക്സിനകളിലെ
പേപ്പറിനടിയിൽ ഒളിപ്പിച്ചു വച്ചു.
അടുപ്പത്തു നിന്ന് ചെരട്ടക്കയിലുകൊണ്ട്
ഊറ്റി നിറച്ച ചോറ്റുപാത്രത്തിനു മുകളിൽ
ബോക്സു വച്ച്
കറുത്ത എലാസ്റ്റിക്കിട്ട പുസ്തകക്കെട്ട്
ഇടതു തോളിൽ വച്ച്
മണ്ണാര്കുന്ന് ഓടിക്കയറിയാണ്
സ്കൂളിലെത്തിയത്.
കണക്ക് പിരിയേഡ് കള്ളിവെളിച്ചത്തായി
വ്യാജ മാർക്കിനുടമയെന്ന്
മുദ്രകുത്തി വിചാരണ ചെയ്യപ്പെട്ടു.
കൈവെള്ളയിലെ ചൂരൽ ചുവപ്പിനോട്
മനസ്സ് മന്ത്രിച്ചു,,,,
എന്റെ ചുവപ്പു തന്നെയാണ് ശരിയെന്ന് !

-കെ.കെ.മണികണ്ഠൻ

കാരാകുറുശ്ശി

# MOTHERS WORDS



Dear son this is the world

the truth the mistry

the shadow of injustice

that around you

the light of justice

that falls around you

You can choose the best path

it should make you great

Sreejith C K
10G

## അമ്മ



നെഞ്ചിലെ പാലാഴി എന്നിലേക്കിറ്റിച്ച്
പുഞ്ചിരി തൂകുന്ന അമ്മെ
പുഞ്ചിരി പൂക്കളമാണമ്മ
അതിലെ പൂന്തേനാണെന്റെയമ്മ
മുന്നോട്ട് പോകുമ്പോൾപിന്നിലൊരു
പ്രാർത്ഥനയാണെന്റെയമ്മ
പുഞ്ചിരി പൂക്കളമാണമ്മ
അതിലെ പൂന്തേനാണെന്റെയമ്മ.

-നീതു കൃഷ്ണ
9.A

## മഴപെയ്യാതെ

മഴക്കാറുകൾ കനിഞ്ഞില്ല , മഴനൂലുകൾ നനച്ചില്ല
പാടങ്ങൾ വറ്റവരണ്ടുപോയി , പാമ്പുകൾ
മാളംവിട്ടിറങ്ങി , ഉറയൂരി സർപ്പങ്ങൾ മറനീക്കി വന്നു
പാറകൾ പൊളിയും വെയിലിൽ വേരുള്ള
മരങ്ങളോ , ഇലകൾ കലമ്പികരഞ്ഞുപോയി.
വേരുകൾ വിരലുരൾ നീട്ടി , ദാഹം തീരാതെ അലഞ്ഞു
പക്ഷികൾ പാറിക്കരഞ്ഞു , പക്ഷം തളർന്നകുഴഞ്ഞു
പാറിപ്പറക്കാൻ കൊതിച്ചു , മാനം പൂണരാൻ ശ്രമിച്ചു.
ഇത്തിരി നീർ തരൂമുകിലുകളേ......
ഇത്തിരി നീർ തരൂമുകിലുകളേ......

-ലക്ഷ്മിപ്രിയ എ . കെ
9.F



## പ്രിയ അധ്യാപിക

ഭൂമിയോളം അറിവ് നൽകും എന്നധ്യാപിക...

ആകാശവും സമുദ്രവും എന്താ -

ണെന്ന് പറഞ്ഞ് തരും എന്നധ്യാപിക...

നാം കാണുന്ന ചന്ദ്രനമുണ്ട -
പ്പുറമൊരു ചരിത്രം
നാം കാണുന്ന അക്ഷരം കൊണ്ട്സൂര്യനമുണ്ട്
അപ്പുറമൊരു ചരിത്രം

ഇതെല്ലാം പറഞ്ഞ് തരു -
മെൻ പ്രിയ അധ്യാപിക

നൂറോളം വിദ്യാർത്ഥികൾ -
ക്കറിവു നൽകും അധ്യാപിക
സ്കൂളിലൊരധ്യാപികയും
അതിലുപരി വീട്ടിൽ ഒരമ്മയും
കാലിടറി വീണാൽ
ഉയർത്തെഴുന്നേൽപ്പിക്കും എന്നധ്യാപിക
അറിവിൻ വെളിച്ചം
പകരും അധ്യാപിക
കുഞ്ഞിളം മനസ്സിൽ അക്ഷരം കൊണ്ട്
വിദ്യ പണിയുന്നൊരധ്യാപിക
ആയിരം വർഷം സാഫല്യമാകുന്ന

ഞങ്ങളുടെ അധ്യാപികക്കെന്നും

നൂറായുസ്സേക്......

-നിദ . എൻ

ജ്വാല

## ഓർമ്മകൾ



വാട്ട്സാപ്പിലെട്രോളുകളും
ഫേസ്ബുക്കിലെ കലക്കൻ
വീഡിയോകളുമാണ്
എന്നെ ഓണമെന്ന
പഴഞ്ചൻ ആചാരം
ഓർമിപ്പിച്ചത്.
മല്ലിയുടേയും മുല്ലയുടേയും
കൊള്ളവില കേട്ട് ലക്ക്കെട്ട്
നിൽക്കുകയായിരുന്നു അച്ഛൻ.
ചേട്ടൻ യു-ട്യൂബിൽ
തിരച്ചിലാണ് , ഓണത്തപ്പൻ
എന്ന സാധനത്തിന്റെ
വേഷം കെട്ടുന്നത് ചേട്ടനാണ്.
അമ്മ ഗൃഹലക്ഷ്മി നോക്കി
പ്രഥമൻ പരീക്ഷിക്കുകയാണ്.
എന്നാൽ..........,മുത്തശ്ശി
ഒരു പ്രതിമയെന്നപോലെ
ചാരുകസേരയിൽ ഇരുന്ന്
അയവിറക്കുകയായിരുന്നു
പൂപ്പറിച്ചതും , പൂക്കളമിട്ടതും
ഓണത്തിന്റെ

മധുരിക്കും ഓർമകൾ.....

-അനുശ്രീ കെ. ആർ
9.F

## സ്നേഹം കൊണ്ടൊരു വീട്

സ്നേഹം കൊണ്ടൊരു വീടുണ്ടാക്കി
സ്നേഹം കൊണ്ടൊരു അച്ഛനും അമ്മയും
സ്നേഹം കൊണ്ടെരു ഉണ്ണിപിറന്നു
സ്നേഹം കൊണ്ടെരു വേറൊരു ഉണ്ണിയും
സ്നേഹം കൊണ്ടരു ഇങ്കുകുറുക്കി
സ്നേഹം കൊടുത്തു വളർത്തി
സ്നേഹം കൊണ്ടൊരു ലോകമുയർന്നു

-നീതുകൃഷ്ണ
9-A

## സ്വപ്നങ്ങൾ

കാലം കൊഴിക്കുന്ന ഇലകൾ കാറ്റിൽ പാറുമ്പോൾ കണ്ണീരോടെ നോക്കി നിൽക്കാനെ എനിക്കാവൂ. എനിക്ക് ചോരതന്ന ആരും അതിലൊരു ഇലയെ പോലും എനിക്കായി തന്നില്ലല്ലൊ എന്നോർത്ത് ! ആ മരം എനിക്കായി കാത്തുവെച്ചവയാണ് അവ. എനിക്കായി തളിർത്ത് എനിക്കായി വലുതായി അവസാനം ഉണങ്ങി ഞെട്ടറ്റ് വീഴുമ്പോഴും എനിക്ക് അതിനടുത്തെത്താൻ ആയില്ല!



സ്നേഹ . സി
10 B

# വാനമ്പാടിയും കുഞ്ഞുങ്ങളും

വിശാലമായ ഗോതമ്പുവയലിന്റെ മൂലയിലായിരുന്നു ഒരു വാനമ്പാടിയുടെയും കുഞ്ഞുങ്ങളുടെയും താമസം. ദിവസവും രാവിലെ അമ്മപക്ഷി ആഹാരം തേടിപ്പോകും.കുഞ്ഞുങ്ങൾ കൂട്ടിനുള്ളിലും പരിസരത്തു മായി തത്തികളിക്കും. അങ്ങനെ കുറച്ചുനാൾ കഴിഞ്ഞു ഗോതമ്പു കൊയ്യാൻ സമയമായി. അമ്മപക്ഷി കുഞ്ഞുങ്ങളോടു പറ-ഞ്ഞു: "ഏതുനിമിഷവും ഗോതമ്പുകൊയ്യാൻ ആളുകൾ വരും. അതിനു മുമ്പ് ഇവിടം വിടണം . ഇന്നു മു തൽ ഇവിടെ നടകുന്ന കാര്യങ്ങൾ ശ്രു-ദ്ധികണം. എന്നിട്ട് എന്നോട് പറയണം." അതനുസരിച്ച് പക്ഷികുഞ്ഞു-
ങ്ങൾ ദിവസവും നടകുന്ന കാര്യങ്ങൾ അമ്മപക്ഷിയെ അറിയിച്ച്കൊ-
ണ്ടിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം കർഷകനും മകനും വയലിലെത്തി അയാൾ മകനോടു പറഞ്ഞു: "ഗോതമ്പു കൊയ്യാൻ പകമായിടുണ്ട് നാളെ രാവിലെ തന്നെ വയലിലേക്കുവരണമെന്ന് നീ
അയൽക്കാരോട് പറയണം." കുഞ്ഞുങ്ങളിൽനിന്ന് കാര്യം അറിഞ്ഞ അമ്മപക്ഷി പറഞ്ഞു: "പേടികണ്ട നമ്മുക്ക് പോകാനുള്ള സമയമായി-
ട്ടില്ല."

അടുത്ത ദിവസം രാവിലെ കർഷകനും മകനും വയലിലെ-
ത്തി. അയൽക്കാർ ആരും എത്തിയില്ല . കർഷകൻ മകനോടു പറഞ്ഞു: നന്ദികെട്ട മനുഷ്യർ. നമ്മൾ ദാനമായിക്കൊടുത്ത ഗോതമ്പു പക്ഷി-

ച്ചാണ് അവർ ജീവിക്കുന്നത്. എന്നിടും ആരും വന്നില്ല. സാരമില്ല. അമ്മാവൻThe Mother മാരേയും ചിറ്റപ്പൻമാരെയു വിവരമറിയിക്കൂ അവർ നമ്മളെ സഹായികാതിരികില്ല. ഈ വിവരവും കുഞ്ഞുങ്ങൾ അമ്മയോട് പറഞ്ഞു. ഇതുകേട്ട അമ്മ പക്ഷി പറഞ്ഞു: "ഭയപ്പെടേണ്ട. ഇനിയും സമയമായിടില്ല."

പിറേറദിവസവും കർഷകനും മകനും വയലിലെത്തി പക്ഷേഗോതമ്പു കൊയ്യാൻ ബന്ധുക്കളാരും വന്നില്ല. സഹികെട്ട കർ-ഷകൻ മകനോടു പറഞ്ഞു: "ഇനി നോക്കിയിരുന്നിട്ട് കാര്യമില്ല. വിള പാമൊയിട്ട് ദിവസങ്ങൾ കഴിഞ്ഞിരികുന്നു. നീ വീട്ടി ചെന്ന് അരിവാളു-കൾക്ക് മ ൂർച്ചകൂട്ടൂ...... കറ്റകെട്ടാൻ കയറും തയ്യാറാക്കൂ. നാളെ നമുക്ക് തന്നെ കൊയ്യാൻ തുടങ്ങാം. വിവരമറിഞ്ഞ അമ്മ പക്ഷി കുഞ്ഞുങ്ങ-ളോട് പറഞ്ഞു: "നമ്മുക്ക് ഇവിടം വിട്ട് പോകാൻ സമയമായി. വേഗം തയ്യാറാക ൂ....നാളെ രാവിലെ കൊയ്ത്ത് തുടങ്ങും മററുള്ളവരെ ആശ്രയിച്ച് അവർക്ക് ഒരു ഗുണവും ഉണ്ടായില്ല. സ്വന്തം അധ്വാനിക്കാൻ തുടങ്ങിയ-തിനാൽ അവർ നാളെ രാവിലെ എത്തും. അമ്മപക്ഷി കുഞ്ഞുങ്ങളെ-യും കൊണ്ട് കൂടു മാറി.

-സുരയ.കെ

8-G

## ഒരു ആഗ്രഹം

എൻ ആഗ്രഹമെന്തെന്നാൽ
ഞാൻ അത് എങ്ങനെ പറയണം

പൂമ്പാറ്റയെ പോൽ
വർണ ചിറകുമായി
ആകഷത്ത് പറന്ന് നടന്ന്The Mother
പൂവിൻ തേൻ കുടിക്ക്ൻ
ഒരാഗ്രഹം........
കാറ്റത്തഴിച്ച് വിട്ട പട്ടത്തെപ്പോൽ
ആകാശത്ത് ഉയർന്ന്
ഉല്ലസിക്കാൻ
ഒരാഗ്രഹം......

പക്ഷി പോൽ ചിറക് വിരിച്ച്
മാനത്തിൽ അറ്റത്തേക്ക്
ഉയർന്ന് പറക്കാൻ
ഒരാഗ്രഹം........
പക്ഷേ......!!

-നിദാ മോഹൻ
8-CThe Mother

# The Mother



Once a night , I frightened
by seeing a fearful dream -
in my imagine while sleeping.
In that time , my eyes
were fully filled with tears
and my heartbeat become faster
in a variety tune like
the series of sound
which made from the
fastest footsteps of a -
group of chasing horse.

Suddenly my mother takes me ,
then placed me on her lap.
A piece of fear slipped -
from the bottom of my heart
and vanished into the air.
My heart felt into cool and
my fear faded into a pool.
The moonlight reflected in -
my small pretty face -
like the light rays in the space.

When mother opened the windows,
the gentle breeze came through -
the widely opened windows,
gently passed us by touching
my blackly haired small head.
Mother hugged me with
a flowing maternal heart.
I opened my huge treasure
of smile with a pleasure.
The moon smiled gently -
by seeing my happiness plenty.

My mothers hug threw
the fear to the air.
That fear vanished from -
my heart by my mother.
I forgot the world -
while this moment of God.
The god of my paradise....
The mother is all over the world.
My mother is my world...

In that night , I felt to -
the world of sleep by -
telling the word -
"The Mother" ,"The Mother"....

- Pathmapriya C J
9 F

# വെയിറ്റിങ് ലിസ്റ്റ്

ദൂരെ കണ്ടക്കിളിക്കൂടിലേക്ക് പറക്കാനാവുന്നില്ല അവർക്ക്. ആരൊ കെട്ടിയ ചിറകിലെ തൂവൽ കൊഴയുന്നത് നിറമിഴികളോടെ നോക്കി നിൽക്കുന്നവർ, വലിഞ്ഞു മുറുകുന്ന ശരീരവും മുറിവുണങ്ങാത്ത മനസുമായി ചിറകിലെ കെട്ടഴിക്കാൻ ദിന രാത്രം പരിശ്രമിക്കുന്നവർ തങ്ങളുടെ സ്വപ്നം നിറവേറുന്നത് സ്വപ്നം കണ്ട് നിദ്ര അഭിനയിക്കുന്നവർ. അവരിപ്പോഴും വരം തരുന്നവന്റെ വെയിറ്റിങ് ലിസ്റ്റാണ്! തന്റെ ഊഴവും കാത്ത്....... നനഞ്ഞ ചിറകുകൾ ഒന്ന് കുടയാൻ പോലും ആവാതെ...........

സ്നേഹ സി
10.B

# സൗഹൃദം

വിദ്യാലയത്തിൻ  പടികളിൽ
എൻ  കൈപിടിച്ച്  നടക്കുന്ന
കൂട്ടുക്കാരിയാണെന്റെ  സ്വപ്നം
എൻ  ആഹ്ലാദത്തിലും എൻ
ഖിന്നത്തിലും  പങ്കുചെരുന്നവളാണ്

എൻ കൂട്ടുക്കാരി എന്റെ സ്വപ്ന കൂട്ടുക്കാരി
എൻ സൗഹൃദം ആരും തകർക്കാൻ
ശ്രമിച്ചാലും പൊട്ടാത്ത ചങ്ങലക്കുരുക്കാണ്
എന്റെ സൗഹൃദം എൻ സൗഹൃദം

പേനയുടെ മഷിതീരുന്നത് പോലെ
എന്നിൽ നിന്നും ഓരോ നാളും
കഴിയുന്തോറും എൻ സൗഹൃദം
ഇല്ലാതാക്കുന്നു എൻ സൗഹൃദം

ഫാത്തിമത്ത് നഹല
8-C



ജ്വാല

## കുട്ടികളുടെ വരകളും വർണങ്ങളും.....................



## ജ്വാല




ജ്വാല




Fathima





## മികവുകൾ.....


ഗവ. ഹൈസ്കൂൾ കാരാകുറുശ്ശി
SSLC RESULT 2019
98.01% വിജയം
വിജയപഥത്തിലെ മിന്നും താരങ്ങൾ
ഫുൾ എ പ്ലസ് കരസ്ഥമാക്കിയവർ
9 എ പ്ലസ് കരസ്ഥമാക്കിയവർ
8 എ പ്ലസ് കരസ്ഥമാക്കിയവർ


20 പേർക്ക്
മികവിൽ നിന്ന് തികവിലേക്ക്
കാരാകുറുശ്ശി ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ
2019 –USS/ LSS പരീക്ഷയിൽ ജയിച്ചവർ
USS നേടിയവർ
Gifted Child
Gifted Child
Gifted Child
അക്ഷര കെ മുരളി
ദേവിക കെ.കെ
ഫാത്തിമ ഹന്നത്ത്
ആദ്യ കെ. മുരളി
LSS നേടിയവർ
മാളവിക
ആനന്ദ്
കുട്ടികളെ
പൊതുവിദ്യാലയങ്ങളിൽ
ചേർക്കുക..
അവർ മിടുക്കരായി
വളരട്ടെ....
അഭിനന്ദനങ്ങളോടെ...
അധ്യാപക രക്ഷാകർതൃസമിതി
2019 മെയ് 2 മുതൽ അഡ്മിഷൻ ആരംഭിക്കുന്നു
അഡ്മിഷനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക: 04924-249041, 249040, 249045


നിദ.എ
ആർച്ച.എം.ആർ.
കഥാരചന


ജി. വി. എച്ച്. എസ്. എസ് കാരാകുറുശ്ശി
നൂറുമേനിയുടെ ജൈത്രയാത്ര
12–ാം വർഷത്തിലേക്ക്
10 th സ്കൗട്ട് ട്രൂപ്പ് മണ്ണാർക്കാട്
രാജ്യപുരസ്കാർ 2020
സ്കൗട്ടുകൾക്ക്
അഭിനന്ദനങ്ങൾ
ആശംസകളോടെ..... അദ്ധ്യാപക രക്ഷാകർതൃ സമിതി


ജി. വി. എച്ച്. എസ്. എസ് കാരാകുറുശ്ശി
നൂറുമേനിയുടെ ജൈത്രയാത്ര
പതിനൊന്നാം വർഷത്തിലേക്ക്
10 th സ്കൗട്ട് ട്രൂപ്പ് മണ്ണാർക്കാട് രാജ്യപുരസ്കാർ 2019
സ്കൗട്ടുകൾക്ക് അഭിനന്ദനങ്ങൾ
ആശംസകളോടെ..... അദ്ധ്യാപക രക്ഷാകർതൃ സമിതി


ജി.വി.എച്ച്.എസ്.എസ് കാരാകുറുശ്ശി
സംസ്കൃതം സ്കോളർഷിപ്പ് നേടിയവർ
LP വിഭാഗം
ARCHANA P.J
UP വിഭാഗം
ARYA. P
HS വിഭാഗം
SANDRA. P
ARCHANA A.S
ALEENA K.M
AKSHAY. J.P
അഭിനന്ദനങ്ങളോടെ... സംസ്കൃതം ക്ലബ്ബ് & പി.ടി.എ & സ്റ്റാഫ്

# യൂണിറ്റുകൾ......

